**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നമ്പർ : 4306** **24.06.2019-ൽ മറുപടിയ്ക്ക്**

# എക്സൈസ് വകുപ്പിന്റെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.എൽദോ എബ്രഹാം<br>ശ്രീ.വി.ആർ. സുനിൽ കുമാർ | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| (എ) കാലത്തിന്റെ മാറ്റത്തിനനുസരിച്ച് എക്സൈസ് വകുപ്പിനെ നവീകരിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) 1) എക്സൈസ് വകുപ്പിൽ വയർലെസ്സ് സംവിധാനം ആരംഭിച്ചു.<br>2) 24 സേവനങ്ങൾക്ക് ഓൺലൈൻ സംവിധാനം നടപ്പിലാക്കി.<br>3) എക്സൈസ് ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് സോഫ്റ്റ് വെയർ സ്ഥാപിച്ചു.<br>4) മേജർ ചെക്ക്പോസ്റ്റുകൾ കമ്പ്യൂട്ടർവൽക്കരിച്ചു.<br>5) 14 ചെക്ക്പോസ്റ്റുകളിൽ സി സി ടി വി ക്യാമറ സ്ഥാപിച്ചു.<br>6) എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി 141 സ്കൂട്ടറുകളും 27 ബൈക്കുകളും വിതരണം ചെയ്തിട്ടുണ്ട്. |

(ബി) വകുപ്പിൽ ക്രൈം-ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സോഫ്റ്റ് വെയർ സ്ഥാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ട് ;
ഓരോ ദിവസവും രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ വിവരങ്ങൾ സംസ്ഥാനതലം വരെയുള്ള എല്ലാ ഉയർന്ന ഉദ്യോഗസ്ഥർക്കും അപ്പപ്പോൾ തന്നെ ലഭ്യമാക്കുന്നുണ്ട്. കേസുകളുടെ തുടർ അന്വേഷണം സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ യഥാസമയം നൽകുവാൻ ഇതിലൂടെ സാധിക്കുന്നു.

(സി) എക്സൈസ് ചെക്പോസ്റ്റുകളിൽ പരിശോധന ശക്തമാക്കുന്നതിനും പ്രവർത്തനം സുതാര്യമാക്കുന്നതിനും സി.സി.ടി.വി.സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) കേരളത്തിലെ പ്രധാനപ്പെട്ട 14 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സി സി ടി വി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) എക്സൈസ് വകുപ്പിൽ വയർലസ് സംവിധാനം സ്ഥാപിക്കുന്നത് സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കുമോ;

(ഡി) സംസ്ഥാനത്ത് എക്സൈസ് വകുപ്പിൽ ഡിജിറ്റൽ വയർലസ് സിസ്റ്റം എറണാകുളം, പാലക്കാട് ജില്ലകളിൽ സ്ഥാപിച്ചിട്ടുണ്ട്. ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ ഡിജിറ്റൽ വയർലസ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ഇ) എക്സൈസ് ഹെഡ് ക്വാർട്ടേഴ്സിലും, മൂന്നു സോണൽ ഓഫീസുകളിലും, പതിനാല്ല ജില്ലാ ഓഫീസുകളിലും

കമ്പ്യൂട്ടറും, അനുബന്ധ സാമഗ്രികളും
വിതരണം ചെയ്ത് ഇ ഓഫീസ്
പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.
മേജർ ചെക്ക് പോസ്റ്റുകൾ
കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ